# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

2017-18 അദ്ധ്യയന വർഷം പുതിയ കോളേജുകൾ/പ്രോഗ്രാമുകൾ എന്നിവ അനുവദിക്കേണ്ടതില്ല എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ കോളേജുകൾ/എഡ്യുക്കേഷണൽ ഏജൻസികൾ സമർപ്പിച്ച അപേക്ഷ പ്രോസസിങ്ങ് ഫീസ് മടക്കി നൽകുവാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ1 വിഭാഗം

നം.6437/എ1/2017/അക്കാദമിക് തീയതി, പ്രിയദർശിനി ഹിൽസ്, 31.10.2017

---

പരാമർശം: 1. 2017-18 അദ്ധ്യയന വർഷം പുതിയ കോളേജുകൾ/പ്രോഗ്രാമുകൾ എന്നിവ ആരംഭിക്കുന്നതിനായി വിവിധ കോളേജുകൾ/എഡ്യുക്കേഷണൽ ഏജൻസികൾ സമർപ്പിച്ച അപേക്ഷകൾ.

2. 17.07.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം നം.86/17.08/171637 പ്രകാരമുള്ള തീരുമാനം.

3. 17.10.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം നം.127/17.13/172171 പ്രകാരമുള്ള തീരുമാനം.

## ഉത്തരവ്

2017-18 അദ്ധ്യയന വർഷം പുതിയ കോളേജുകൾ/പ്രോഗ്രാമുകൾ എന്നിവ ആരംഭിക്കുന്നതിനായി വിവിധ കോളേജുകൾ/എഡ്യുക്കേഷണൽ ഏജൻസികൾ പരാമർശം (1) പ്രകാരം, അപേക്ഷകൾ സമർപ്പിച്ചിരുന്നു. സർവ്വകലാശാല സിൻഡിക്കേറ്റ് ടി അപേക്ഷകൾ പരിഗണിക്കുകയും പരാമർശം (2) പ്രകാരം, താഴെപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്തു.

"07.07.2017-ലെ 4175/1/17/എ.സി.എ-V11, 4176/1/17/എ.സി.എ-V11, 4177/1/17/എ.സി.എ-V11 എന്നീ സർവ്വകലാശാല ഉത്തരവുകൾ പ്രകാരം 2017-18 അദ്ധ്യയന വർഷം പുതിയ കോളേജുകൾ,പ്രോഗ്രാമുകൾ എന്നിവ അനുവദിക്കേണ്ടതില്ലയെന്നു തീരുമാനിച്ചിട്ടുള്ളതിനാലും 2017-18 വർഷത്തേക്ക് പുതിയ കോളേജുകൾക്കും, പ്രോഗ്രാമുകൾക്കും അപേക്ഷിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഒടുക്കിയ അഫിലിയേഷൻ ഫീസ് തിരികെ നൽകുവാൻ തീരുമാനിച്ചിട്ടുള്ളതിനാലും അപേക്ഷ നിരസിക്കുവാൻ തീരുമാനിച്ചു".

മേൽ സിൻഡിക്കേറ്റ് തീരുമാനത്തിൽ പരാമർശിച്ചിരിക്കുന്ന ഉത്തരവുകളെല്ലാം തന്നെ സ്വാശ്രയ കോളേജുകൾ, പ്രോഗ്രാമുകൾ എന്നിവയെ സംബന്ധിക്കുന്നതിനാലും, എയ്ഡഡ് കോളേജുകളിൽ 2017-18 അദ്ധ്യയന വർഷം പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി കോളേജുകൾ സമർപ്പിച്ച അപേക്ഷകളിന്മേൽ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനം എടുത്തിട്ടില്ലാതിരുന്നതിനാലും, തീരുമാനത്തിൽ പരാമർശിച്ചിരിക്കുന്ന 'അഫിലിയേഷൻ ഫീസ്' എന്നത് 'അപേക്ഷ പ്രോസസിങ്ങ് ഫീസ്' ആണോ എന്നതിൽ വ്യക്തത വരുത്തുന്നതിനായും, ടി തീരുമാനം വീണ്ടും സർവ്വകലാശാലാ സിൻഡിക്കേറ്റിനു മുമ്പാകെ സമർപ്പിച്ചു.

സർവ്വകലാശാലാ സിൻഡിക്കേറ്റ് മേൽ വിഷയം പരിശോധിക്കുകയും പരാമർശം (3) പ്രകാരം, 07.07.2017 തീയതിയിലെ സർവ്വകലാശാലാ ഉത്തരവുകൾ നം.4175/1/17/എ.സി.എ7, 4176/1/17/എ.സി.എ7, 4177/1/17/എ.സി.എ7 എല്ലാ കോളേജുകൾക്കും എല്ലാ പ്രോഗ്രാമുകൾക്കും ബാധകമാണ് എന്നും അഫിലിയേഷൻ ഫീസ് എന്ന് ഉദ്ദേശിക്കുന്നത് പ്രോസസിങ്ങ് ഫീസാണ് എന്നും തീരുമാനിച്ചു.

തദനുസരണം, 2017-18 അദ്ധ്യയന വർഷം പുതിയ കോളേജുകൾ/പ്രോഗ്രാമുകൾ എന്നിവ അനുവദിക്കേണ്ടതില്ല എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ കോളേജുകൾ/എഡ്യൂക്കേഷണൽ ഏജൻസികൾ സമർപ്പിച്ച അപേക്ഷ പ്രോസസിങ്ങ് ഫീസ് മടക്കി നൽകുവാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് രാഘവൻ

ഡെപ്യൂട്ടി രജിസ്ട്രാർ I (അക്കാദമിക വിഭാഗം)

രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട കോളേജുകളുടെ പ്രിൻസിപ്പൽമാർ/മാനേജർമാർക്ക്
2. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/ഭരണം)
5. എസി.എൽ/ലീഗൽ/എസി.സി1
6. പി.ആർ.ഒ/കൺസെൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
7. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഫയൽ നം. എസി.എ1/1/8344/അക്കാദമിക്/2017

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

MAHATMA GANDHI UNIVERSITY KOTTAYAM